ധർമ്മടം നിയോജക മണ്ഡലത്തിലെ മരാമത്തുപ്രവൃത്തികൾ

278(3165) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ച് വർഷമായി പൂർത്തീകരിച്ചിട്ടുള്ളത് എന്നും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ധർമ്മടം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിരത്ത്, കെട്ടിട വിഭാഗങ്ങളിലായി പൂർത്തീകരിച്ചിട്ടുള്ളതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ദേശീയപാത 66 ൽ കി.മീ. 167/000 മുതൽ 174/000 വരെ ഐ.ആർ.കൃ.പി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാൻ ബാക്കിയുള്ള പുതിയ മൊയ്തു പാലത്തിന്റെ നിർമ്മാണ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

279(3166) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ആന്റ് ബ്രിഡ്ജ്സ്, ബിൽഡിംഗ്സ് വിഭാഗങ്ങൾ 2011-12 മുതൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) 2011-12 മുതൽ നാളിതുവരെ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ആന്റ് ബ്രിഡ്ജസ്, ബിൽഡിംഗ്സ് വിഭാഗങ്ങൾ 2011-2012 മുതൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2011-12 മുതൽ നാളിതുവരെ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly